(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനുവേണ്ടിയുള്ള എ. വി. താമരാക്ഷൻ കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഈ മില്ലിന്റെ നവീകരണത്തിനുവേണ്ടി എന്തെല്ലാം ശുപാർശകളാണ് ലഭിച്ചത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ശുപാർശകളിൻമേൽ ഗവൺമെന്റ് എന്ത് തീരുമാനം ആണ് എടുക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനായി സർക്കാർ നിയോഗിച്ച എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി (ഇ.ആർ.സി.) ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രഭുറാം മിൽസിനെ പൊതുമേഖലയിൽത്തന്നെ നിലനിർത്തി പുനരുദ്ധരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി, സി) പ്രസ്തുത റിപ്പോർട്ട് യു.ഡി.എഫിനാണ് നൽകിയിട്ടുള്ളത്.

പ്രവർത്തനരഹിതമായ പന്തളം മന്നം ഷുഗർമിൽ

138 [2617] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം നിയോജകമണ്ഡലത്തിലെ ഒരേയൊരു പ്രമുഖ വ്യവസായ സ്ഥാപനമായിരുന്ന പന്തളം മന്നം ഷുഗർമില്ല് പ്രവർത്തനരഹിതമായി കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മന്നം ഷുഗർ മില്ലിന്റെ വിപുലമായ പശ്ചാത്തല സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി എന്തെങ്കിലും ആധുനിക വ്യവസായ സംരംഭം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) പ്രസ്തുത പഞ്ചസാര ഫാക്ടറിയുടെ പശ്ചാത്തല സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി മറ്റെന്തെങ്കിലും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള എന്തെങ്കിലും പഠനം ഗവൺമെന്റ് നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി—ഡി) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ വാണിജ്യ പരമായി മത്സരക്ഷമതയുള്ളതാക്കത്തക്കവിധത്തിൽ പുനരുദ്ധാരണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായിട്ട് രൂപീകരിച്ച എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി (ഇ.ആർ.സി.) സംസ്ഥാനത്തെ ഷുഗർ മില്ലുകളുടെ പഠനം നടത്തുമ്പോൾ മന്നം ഷുഗർ മില്ലിന്റെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly